**1) നെബോ പർവതത്തിന്റെ പ്രാധാന്യം**

**A) മോശ വാഗ്ദത്തനാട് കാണുന്നു**

B) ഏശാവിന്റെ വാസസ്ഥലം

C) അഹരോൻ മരിച്ച സ്ഥലം

D) ശൗൽ ഇവിടെ വച്ച് കൊല്ലപ്പെട്ടു

**2) യെഹെസ്കേൽ ദർശനങ്ങൾ കണ്ട നദീ തീരം**

**A) കേബാർ**

B) ഗീഹോൻ

C) യാബോക്

D) ഹിദാക്ക

**3) മലങ്കര സഭയിൽ നിന്ന് വിഘടിച്ചു മാറിയ സഭകളിൽ ഉൾപ്പെടാത്ത സഭ?**

**A) കൽദായ സഭ**

B) മലങ്കര കത്തോലിക്ക റീത്ത്

C) മാർത്തോമാ സഭ

D) മലബാർ സ്വതന്ത്ര സുറിയാനി സഭ

**4) ബൈബിളിന്റെ പ്രധാന മൂല ഭാഷകളെ സംബന്ധിച്ചു ഏറ്റവും ശരിയായ പ്രസ്താവന ഏത് ?**

**A) പഴയ നിയമം എബ്രായ ഭാഷയിലും പുതിയ നിയമം ഗ്രീക്ക് ഭാഷയിലും ആണ് രചിക്കപ്പെട്ടത്**

B) പഴയ നിയമം ഗ്രീക്ക് ഭാഷയിലും പുതിയനിയമം എബ്രായ ഭാഷയിലും ആണ് രചിക്കപ്പെട്ടത്

C) പഴയ നിയമം അറമായ ഭാഷയിലും പുതിയ നിയമം ഗ്രീക്ക് ഭാഷയിലും ആണ് രചിക്കപ്പെട്ടത്

D) പഴയ നിയമം എബ്രായ ഭാഷയിലും പുതിയ നിയമം സുറിയാനി ഭാഷയിലും ആണ് രചിക്കപ്പെട്ടത്

**5) പത്ത് കല്പനകൾ പ്രതിപാദിച്ചിരിക്കുന്ന വേദ ഭാഗങ്ങൾ**

**A) പുറപ്പാട് 20: 3 -17, ആവർത്തനം 5: 6 -21**

B) പുറപ്പാട് 22: 3 -17, ആവർത്തനം 3: 6 -21

C) പുറപ്പാട് 17: 3 -17, ആവർത്തനം 3: 6 -21

D) പുറപ്പാട് 17: 3 -17, ആവർത്തനം 6: 6 -21

**6) മെസപ്പൊട്ടോമിയയിൽ ഏദന്റെ അതിർത്തിയായി ഉള്ള നദി ഏത് ?**

**A) യൂഫ്രട്ടീസ്**

B) കെബാർ

C) മേരേം

D) യബോക്ക്

**7) മിസ്രയീമിലെ പത്ത് ബാധകളിൽ നാലാമത്തെയും എട്ടാമത്തെയും ബാധകൾ ഏതൊക്കെയായിരുന്നു?**

**A) നായീച്ച ദേശത്തു നിറഞ്ഞു, വെട്ടുകിളികൾ വിളവ് നശിപ്പിച്ചു**

B) നിലത്തിലെ പൊടി പേൻ ആയി, സ്ഥലത്ത് കൂരിരുട്ട് ഉണ്ടായി

C) കടിഞ്ഞൂൽ സംഹാരം, തവളകൾ പെരുകി

D) നിലത്തിലെ പൊടി പേൻ ആയി, കല്മഴയും തീയും വർഷിച്ചു

**8) 'പാറൂസിയ' എന്ന വാക്ക് സൂചിപ്പിക്കുന്നത് എന്തിനെയാണ്**

**A) കർത്താവിന്റെ രണ്ടാം വരവ്**

B) പറുദീസാ പ്രവേശനം

C) കർത്താവിന്റെ ജനനത്തെക്കുറിച്ചുള്ള പ്രവചനം

D) അന്ത്യ അത്താഴം

**9) പുറപ്പാട് 14:21 ന്റെ പ്രതിപാദ്യവിഷയം**

**A) ചെങ്കടൽ വിഭജനം**

B) അഹരോന്റെ തളിർത്ത വടി

C) യെരീഹോ മതിൽ ഇടിയുന്നത്

D) പാറയിൽ നിന്ന് ജലം പുറപ്പെടുന്നത്

**10) എല്ലാ സമവീക്ഷണ സുവിശേഷങ്ങളിലും പറയുന്ന അത്ഭുതം**

**A) പക്ഷവാതക്കാരന്റെ സൗഖ്യം**

B) ഭൂതബാധിതന്റെ സൗഖ്യം

C) ഊമൻ സംസാരിക്കുന്നു

D) മൽസ്യത്തിൽ നിന്ന് നാണയം ലഭിക്കുന്നു

**11) പത്ത് കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നതു പ്രതിപാദിക്കുന്ന സുവിശേഷം**

**A) വിശുദ്ധ ലൂക്കോസ്**

B) വിശുദ്ധ മത്തായി

C) വിശുദ്ധ മർക്കോസ്

D) വിശുദ്ധ യോഹന്നാൻ

**12) യേശുക്രിസ്തു രാജാവിന് കരം കൊടുക്കുന്നത് പ്രതിപാദിക്കുന്ന സുവിശേഷം**

**A) വിശുദ്ധ മത്തായി**

B) വിശുദ്ധ ലൂക്കോസ്

C) വിശുദ്ധ മർക്കോസ്

D) വിശുദ്ധ യോഹന്നാൻ

**13) തന്നിരിക്കുന്ന സംഭവങ്ങളിൽ അപ്പോസ്തോല പ്രവർത്തികളിൽ ഉൾപ്പെടുന്നത് ഏതാണ്?**

**A) വെളിച്ചപ്പാടത്തി ഭൂതത്തെ പുറത്താക്കുന്നത്**

B) പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കുന്നതു

C) ബെദ് സായിദയിലെ കുരുടന്റെ സൗഖ്യം

D) ശതാധിപന്റെ ദാസൻ സൗഖ്യമായതു

**14) ഉണർന്നിരിക്കുന്ന ദാസന്റെ ഉപമ പ്രസ്താവിക്കുന്ന സുവിശേഷം**

**A) വിശുദ്ധ മർക്കോസ്**

B) വിശുദ്ധ ലൂക്കോസ്

C) വിശുദ്ധ മത്തായി

D) വിശുദ്ധ യോഹന്നാൻ

**15) 'കർത്താവിനോടുള്ള ഭക്തി തന്നെയാണ് ജ്ഞാനം' എന്ന് പ്രസ്താവിക്കുന്ന പുസ്തകം ?**

**A) ഇയ്യോബ്**

B) സദൃശ്യവാക്യങ്ങൾ

C) സങ്കീർത്തനം

D) കൊരിന്ത്യ സഭയ്ക്കുള്ള ലേഖനം

**16) യെഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങിയ ആൾ**

**A) എനേശ്**

B) മോശ

C) ഏലിയാ

D) എലീശാ

**17) തന്നിരിക്കുന്നവയിൽ യിപ്താഹ് ന്യായാധിപനുമായി ബന്ധമില്ലാത്ത വാചകം**

**A) ബാലിന്റെ ബലിപീഠം ഇടിച്ചു കളഞ്ഞു**

B) നേർച്ച നേർന്നു

C) വേശ്യാപുത്രൻ ആയിരുന്നു

D) സ്വന്തം മകളെ ബലികഴിച്ചു

**18) യിസ്രായേൽ ഗോത്രങ്ങളിൽ സർപ്പം ബാലസിംഹം എന്നീ പേരുകളിലും അറിയപ്പെട്ടിരുന്ന ഗോത്രം**

**A) ദാൻ**

B) എഫ്രയീം

C) ബെന്യാമീൻ

D) മനശ്ശെ

**19) ഓറിയന്റൽ ഓർത്തഡോക്സ് സഭാ കൂട്ടായ്മയിൽ ഏറ്റവും അവസാനമായി ചേർന്ന സഭ**

**A) എറിട്രിയൻ ഓർത്തഡോക്സ് സഭ**

B) മലങ്കര ഓർത്തഡോക്സ് സഭ

C) അർമീനിയൻ ഓർത്തഡോക്സ് സഭ

D) സെർബിയൻ ഓർത്തഡോക്സ് സഭ

**20) 'അപരിചിതരുടെ സ്നേഹിതൻ' എന്നർത്ഥം വരുന്ന വാക്ക്**

**A) ദിവന്നാസിയോസ്**

B) ഐറേനിയോസ്

C) അന്തീമോസ്

D) ദിയസ്കോറോസ്

**21) തന്നിരിക്കുന്നവയിൽ 'പാട്ട്' എന്ന അർഥം വരാത്ത വാക്ക്**

**A) കൗമോ**

B) സുമോറോ

C) കൊലോ

D) മാനീസ്സോ

**22) 'ഉറൈത്തോ' എന്ന വാക്കിന്റെ അർത്ഥം**

**A) പഞ്ചഗ്രന്ഥങ്ങൾ**

B) പഴയ നിയമം

C) പ്രവചനങ്ങൾ

D) സുവിശേഷങ്ങൾ

**23) കത്തോലിക്ക സഭയിൽ നിന്നും മലങ്കര സഭയിലേക്കു പുനരൈക്യം നടത്തിയതിന് ഉദാഹരണം**

**A) ബ്രഹ്മവാർ സമൂഹം**

B) സീറോ മലബാർ സഭ

C) തൊഴിയൂർ സഭ

D) ക്നാനായ സഭ

**24) മലങ്കര സഭയിൽ 'ഗുരുരത്ന' അവാർഡ് ലഭിച്ച വ്യക്തി**

**A) ഫാ. ടി ജെ ജോഷ്വ**

B) പൗലോസ് മാർ ഗ്രീഗോറിയോസ്

C) ഒസ്താത്തിയോസ് തിരുമേനി

D) ഫാ. കെ എം ജോർജ്

**25) അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയെ സംബന്ധിച്ചു ശരിയല്ലാത്ത പ്രസ്താവന ഏത്**

**A) വട്ടശ്ശേരിൽ തിരുമേനി മെത്രാൻ സ്ഥാനം നൽകി**

B) മലങ്കര സഭയിൽ 34 വർഷം മെത്രാനായിരുന്നു

C) നിരണം, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതല വഹിച്ചിട്ടുണ്ട്

D) മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ വൈസ് പ്രസിഡന്റ് ആയിരുന്നു

**26) മലങ്കര സഭയിൽ 1934 മായി ബന്ധമില്ലാത്ത പ്രസ്താവന**

**A) മലങ്കര സഭയ്ക്ക് അനുകൂലമായി സുപ്രീം കോടതി വിധി ഉണ്ടായി**

B) വട്ടശ്ശേരിൽ തിരുമേനി കാലം ചെയ്തു

C) മലങ്കര സഭ ഭരണ ഘടന പാസ്സാക്കി

D) കാതോലിക്കാ, മലങ്കര മെത്രാപോലിത്ത സ്ഥാനങ്ങൾ ഒരാളിൽ നിക്ഷിപ്തമായി

**27) ഗ്രിഗോറിയൻ കലണ്ടർ മലങ്കര സഭയിൽ നിലവിൽ വന്ന വർഷം**

**A) 1953**

B) 1955

C) 1958

D) 1965

**28) തന്നിരിക്കുന്നവയിൽ, കൂനൻ കുരിശു സത്യത്തെ സംബന്ധിച്ച് ശരിയായ പ്രസ്താവനകൾ മാത്രം അടങ്ങുന്ന ഗ്രൂപ്പ് ഏത്**

**(i) ഉദയം പേരൂർ സൂനഹദോസിന്റെ അനന്തര ഫലമാണ് കൂനൻ കുരിശു സത്യം**

**(ii) മലങ്കര സഭയിൽ മാർത്തോമാ മെത്രാപ്പോലീത്താമാരുടെ ഭരണം ആരംഭിക്കാൻ കാരണമായി**

**(iii) അന്ത്യോഖ്യൻ സഭയുമായി ബന്ധം ഉണ്ടാകില്ല എന്ന് സത്യം ചെയ്തു**

**(iv) മട്ടാഞ്ചേരിയിൽ വച്ചാണ് കൂനൻ കുരിശു സത്യം നടന്നത്**

**(v) ആർച് ബിഷപ്പ് മെനെസിസിന്റെ സാന്നിധ്യം ഉണ്ടായിരുന്നു**

**A) (i), (ii), (iv)**

B) (i), (ii) , (v)

C) (ii), (iii), (iv)

D) (ii), (iv), (v)

**29) നസ്രാണികൾക്കു 72 പദവികളും അവകാശങ്ങളും നൽകിയിരിക്കുന്ന ചെപ്പേട് ?**

**A) കോട്ടയം ചെപ്പേടുകൾ**

B) ഇരവികോർത്തൻ ചെപ്പേട്

C) രവിവർമ ചെപ്പേട്

D) തന്നിരിക്കുന്ന ഉത്തരങ്ങൾ ഒന്നും ശരിയല്ല

**30) മലങ്കരയിൽ ആദ്യമായി മൂറോൻ കൂദാശ നടത്തിയ പൗരസ്ത്യ കാതോലിക്കാ ?**

**A) മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് II**

B) മോറാൻ മാർ ബസേലിയോസ് പൗലോസ് I

C) മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് III

D) മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് II

**31) മലങ്കരയിലെ ആദ്യ നാല് കാതോലിക്കാമാരിൽ ഉൾപ്പെടാത്ത പിതാവ്**

**A) മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് I**

B) മോറാൻ മാർ ഔഗേൻ പ്രഥമൻ

C) മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് II

D) മോറാൻ മാർ ബസേലിയോസ് പൗലോസ് I

**32) മാർത്തോമാ എന്ന പേര് ഔദ്യോഗിക നാമത്തിൽ ഉൾപ്പെടുത്തിയ ആദ്യത്തെ കാതോലിക്കാ**

**A) മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് I**

B) മോറാൻ മാർ ബസേലിയോസ് മാർത്തോമാ ദിദിമോസ് I

C) മോറാൻ മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് II

D) മോറാൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് II

**33) 'ഏക വാക്യത്തിൽ ന്യായപ്രമാണം മുഴുവനും അടങ്ങിയിരിക്കുന്നു ' എന്ന് പറയപ്പെടുന്ന വാക്യം ഏത്**

**A) കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം**

B) വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയിൽ വലുത് സ്നേഹം തന്നെ

C) ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും അന്യോന്യം ക്ഷമിപ്പിൻ

D) നസ്രായനായ യേശു യഹൂദമാരുടെ രാജാവ്

**34) 'ഞാനോ ഒരു ബാലനത്രേ കാര്യാദികൾ നടത്താൻ എനിക്ക് അറിവില്ല ' എന്ന് ദൈവത്തോട് പറഞ്ഞ ആൾ ?**

**A) ശലോമോൻ**

B) ദാവീദ്

C) യോശീയാവ്

D) സെദെക്കിയ

**35) 'എന്റെ കർത്താവും എന്റെ ദൈവവും ആയുള്ളോവേ' എന്ന പ്രസ്താവനയുടെ വേദഭാഗം ?**

**A) വിശുദ്ധ യോഹന്നാൻ 20: 28**

B) വിശുദ്ധ മർക്കോസ് 20:28

C) വിശുദ്ധ ലൂക്കോസ് 20:28

D) വിശുദ്ധ മത്തായി 20:28

**36) ബൈബിളിൽ ആരെല്ലാം വെള്ളത്തെ വിഭാഗിച്ചതായി പറഞ്ഞിട്ടുണ്ട് ? ശരിയുത്തരങ്ങൾ മാത്രം അടങ്ങിയ ഗ്രൂപ്പ് തെരഞ്ഞെടുക്കുക**

**A) മോശ, ഏലിയാവ്, ഏലിശാ**

B) മോശ, യെശയ്യാവ്, എലീശാ

C) യോശുവ, ഏലിയാവ്, നോഹ

D) മോശ, ഏലിയാവ് , നോഹ

**37) ദൈവനാമങ്ങൾ ഒന്നും രേഖപ്പെടുത്താത്ത ബൈബിളിലെ പുസ്തകങ്ങൾ**

**A) എസ്ഥേർ , ഉത്തമഗീതം**

B) എസ്ഥേർ, സഭാപ്രസംഗി

C) ഉത്തമഗീതം, വിലാപങ്ങൾ

D) സഭാപ്രസംഗി, വിലാപങ്ങൾ

**38) ശുദ്ധീകരിക്കുന്ന യഹോവ എന്ന അർത്ഥം വരുന്ന യഹോവയുടെ സംഘടിതനാമം.**

**A) യഹോവ മെക്കടേഷ് ക്കേം**

B) യഹോവ ഷെബായോത്ത്

C) യഹോവ സിദക്കേനു

D) യഹോവ ഗമൂല

**39) ആദ്യകാല പ്രവചന പുസ്തകങ്ങളിൽ ഉൾപ്പെടാത്ത പുസ്തകം തെരഞ്ഞെടുക്കുക**

**A) യെരമിയ**

B) യോശുവ

C) ന്യായാധിപന്മാർ

D) I രാജാക്കന്മാർ

**40) ആധുനിക ഇസ്രായേൽ രാജ്യം രൂപീകൃതമായ വർഷം**

**A) 1948**

B) 1938

C) 1951

D) 1946

**41) കരുണയുടെയും നീതിയുടെയും പ്രവാചകന്മാരായി അറിയപ്പെടുന്നത് ആരെല്ലാം**

**A) ഹോശേയ, ആമോസ്**

B) യിരെമ്യാവ് , ആമോസ്

C) യിരെമ്യാവ്, യെഹെസ്കേൽ

D) ഹോശേയ , യിരെമ്യാവ്

**42) മലങ്കര സഭ പരിസ്ഥിതി കമ്മീഷന്റെ അധ്യക്ഷൻ**

**A) ഡോ. ജോസഫ് മാർ ദിവന്നാസിയോസ്**

B) ഡോ.തോമസ് മാർ അത്താനാസിയോസ്

C) ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

D) ഡോ.യൂഹാനോൻ മാർ പോളിക്കർപ്പോസ്

**43) യേശുവിനെ കൈക്കൊള്ളാത്ത ശമര്യക്കാരെ സ്വർഗ്ഗത്തിൽനിന്ന് അഗ്നി ഇറക്കി ദഹിപ്പിക്കാൻ ആഗ്രഹിച്ച ശിഷ്യന്മാർ.**

**A) യാക്കോബ്, യോഹന്നാൻ**

B) പത്രോസ്, അന്ത്രയോസ്

C) പത്രോസ്, യൂദാ

D) തോമാസ്, അന്ത്രയോസ്

**44) യെശയ്യാവ് 6:8. വാക്യം ശരിയായത് തെരഞ്ഞെടുക്കുക.**

**A) ഞാൻ ആരെ ആയക്കേണ്ടൂ? ആർ നമുക്കുവേണ്ടി പോകും?**

B) നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു, നമുക്ക് ഒരു മകൻ നല്കപ്പെരിക്കുന്നു

C) എന്നാൽ യിശ്ശായിയുടെ കുറ്റിയിൽ നിന്ന് ഒരു മുള പൊട്ടിപുറപ്പെടും

D) യെഹോവ നീ എന്റെ ദൈവമാകുന്നു ഞാൻ നിന്നെ പുകഴ്ത്തും

**45) ' ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊള്ളുക. അതാകുന്നു എന്റെ സുവിശേഷം' എന്ന് പൗലോസ് ശ്ലീഹ ആർക്കാണ് എഴുതിയത് ?**

**A) തിമോത്തിയോസിനു**

B) റോമാ സഭയ്ക്ക്

C) ഫിലമോന്

D) എഫെസ്യ സഭയ്ക്ക്

**46) സ്ലീബായുടെ കുക്കിലിയോൻറെ അടിസ്ഥാന വേദഭാഗം**

**A) സങ്കീർത്തനങ്ങൾ 44**

B) സങ്കീർത്തനങ്ങൾ 48

C) അപ്പോസ്തോല പ്രവർത്തികൾ 4

D) വിശുദ്ധ ലൂക്കോസ് 31

**47) ആഡിസ് അബാബ ആസ്ഥാനമായുള്ള ഓർത്തഡോക്സ് സഭ ഏത്?**

**A) എത്യോപ്പ്യൻ സഭ**

B) സെർബിയൻ സഭ

C) റുമേനിയൻ സഭ

D) ബൾഗേറിയൻ സഭ

**48) ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റെയും വായും തൂണും മല്പാനും എന്ന് തുബ്ദേനിൽ വാഴ്ത്തപ്പെടുന്ന പിതാവ് ?**

**A) മാർ സേവേറിയോസ്**

B) മാർ യാക്കോബ് ബുർദാന

C) മാർ ദിയസ്കോറോസ്

D) മാർ ഈവാനിയോസ്

**49) 'മോദിക്ക വിശുദ്ധ സഭേ നമ്മുടെ നാഥൻ ...' എന്ന് യേശുവിന്റെ ഉയിർപ്പിനെക്കുറിച്ചു പാടുന്ന ഗാനത്തിന്റെ സന്ദർഭം**

**A) ക്യംതായുടെ സന്ധ്യാ നമസ്കാരം**

B) സ്ലീബായുടെ സന്ധ്യാ നമസ്കാരം

C) ക്യംതായുടെ പ്രഭാത നമസ്കാരം

D) സ്ലീബായുടെ പ്രഭാത നമസ്കാരം

**50) മലങ്കരയിൽ 'സ്ലീബായുടെ ദാസന്മാർ ' എന്ന മിഷനറി സംഘം രൂപീകരിച്ച ആൾ**

**A) പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി**

B) ഗീവര്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി

C) ഫാ . ഡോ . ടി. ജെ. ജോഷ്വ

D) പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ